**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 509** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ പി . | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പ്രളയവും വരൾച്ചയും ഒരുപോലെ പ്രതിസന്ധി സൃഷ്ടിക്കുന്ന പട്ടാമ്പിയിൽ ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷണൽ ഓഫീസ് ഇല്ലാത്തത് വളരെയേറെ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട് എന്നുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ചെറുകിട ജലസേചന വിഭാഗത്തിന്റെ സബ് ഡിവിഷൻ ഓഫീസ് ഇല്ലാത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും ഷോർണ്ണൂർ സബ് ഡിവിഷനെ ആശ്രയിക്കേണ്ടി വരുന്നതു മൂലം അടിയന്തരമായി നടപ്പിലാക്കേണ്ട അറ്റകുറ്റപ്പണികൾ വൈകുന്നത് കർഷകർക്ക് ഏറെ പ്രതിസന്ധി സൃഷ്ടിക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | ഇല്ല; ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് പട്ടാമ്പിയിൽ ചെറുകിടജലസേചനവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒരു സെക്ഷൻ ഓഫീസ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഈ സെക്ഷന്റെ പരിധിയിൽ പട്ടാമ്പി മുനിസിപ്പാലിറ്റി, കോപ്പം പഞ്ചായത്ത്, മുതുകര പഞ്ചായത്ത്, പറത്തൂർ പഞ്ചായത്ത്, വിലയൂർ പഞ്ചായത്ത്, തിരുവേഗപ്പുര പഞ്ചായത്ത് എന്നിവയാണ്. ചെറുകിട ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഈ സെക്ഷന് കീഴിൽ സുഗമമായി നടന്നു വരുന്നതിനാൽ ഒരു പുതിയ സബ് ഡിവിഷൻ ഓഫീസ് രൂപീകരിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |
| (സി) | എങ്കിൽ പ്രസ്തുത സബ്ഡിവിഷൻ ഓഫീസ് പട്ടാമ്പിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | ഇല്ല; ചെറുകിട ജലസേചനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് പട്ടാമ്പിയിൽ ചെറുകിടജലസേചനവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒരു സെക്ഷൻ ഓഫീസ് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. ഈ സെക്ഷന്റെ പരിധിയിൽ പട്ടാമ്പി മുനിസിപ്പാലിറ്റി, കോപ്പം പഞ്ചായത്ത്, മുതുകര പഞ്ചായത്ത്, പറത്തൂർ പഞ്ചായത്ത്, വിലയൂർ പഞ്ചായത്ത്, തിരുവേഗപ്പുര പഞ്ചായത്ത് എന്നിവയാണ്. ചെറുകിട ജലസേചനപദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തികൾ ഈ സെക്ഷന് കീഴിൽ സുഗമമായി നടന്നു വരുന്നതിനാൽ ഒരു പുതിയ സബ് ഡിവിഷൻ |

| | | | |
|---|---|---|---|
| | | | ഓഫീസ് രൂപീകരിക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ